**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3921** **28-06-2024 - ൽ മറുപടിയ്ക്ക്**

**ഐ.ടി. മിഷനും സൈബർ സുരക്ഷയും**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ജി സ്റ്റീഫൻ | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | സൈബർ സുരക്ഷയ്ക്കും സൈബർ കുറ്റകൃത്യങ്ങൾ തടയുന്നതിനും സഹായകരമായ രീതിയിൽ സംസ്ഥാന നടപ്പിൽ വരുത്താൻ ഉദ്ദേശിക്കുന്ന പുതിയ പദ്ധതികളെക്കുറിച്ച് വിശദമാക്കുമോ? | (എ) | ഐ ടി മിഷന്റെ കീഴിൽ പ്രവർത്തിക്കുന്ന കമ്പ്യൂട്ടർ എമർജൻസി റെസ്പോൺസ് ടീം കേരള (CERT-K) മുഖാന്തരം താഴെ പറയുന്ന പദ്ധതികൾ മൂന്ന് വർഷ കാലയളവിനുള്ളിൽ നടപ്പിലാക്കാൻ ലക്ഷ്യമിടുന്നു:<br><br>സംസ്ഥാനതല സെക്യൂരിറ്റി ഓപ്പറേഷൻസ് സെന്റർ (SOC) സ്ഥാപിക്കുന്നതിനുള്ള പ്രാഥമിക നടപടി സ്വീകരിക്കും<br><br>സംസ്ഥാനത്തിനായി വിവര സുരക്ഷാനയം തയ്യാറാക്കുകയും അതിന്റെ ഭാഗമായി ഒരു വിവര സുരക്ഷാ സ്റ്റിയറിങ് കമ്മിറ്റി രൂപീകരിക്കുകയും ചെയ്യുക.<br><br>വകുപ്പുകളിൽ 'ക്രൈസിസ് മാനേജ്മെന്റ് പ്ലാൻ' നടപ്പിലാക്കുന്നതിന്റെ ഭാഗമായി പരിശീലനങ്ങൾ നൽകുക.<br><br>ഏറ്റവും പുതിയ സൈബർ സെക്യൂരിറ്റി കോഴ്സുകൾ, പുതിയ സവിശേഷതകൾ എന്നിവ ഉൾപ്പെടുത്തിക്കൊണ്ട് ലേർണിംഗ് മാനേജ്മെന്റ് പോർട്ടൽ (LMS) നവീകരിക്കുക.<br><br>സംസ്ഥാനത്തിന്റെ ക്രിട്ടിക്കൽ ഇൻഫർമേഷൻ ഇൻഫ്രാസ്ട്രക്ചറുകൾ (CII) കണ്ടെത്തി നാഷണൽ ക്രിട്ടിക്കൽ ഇൻഫർമേഷൻ ഇൻഫ്രസ്ട്രക്ചർ പ്രോട്ടക്ഷൻ സെന്റർ (NCIIPC) യുമായി ചേർന്ന് അവയുടെ സുരക്ഷ ഉറപ്പാക്കുക.<br><br>സൈബർ ക്രൈസിസ് മാനേജ്മെന്റ് പ്ലാൻ(CCMP) നടപ്പിലാക്കുന്ന കാര്യം പരിശോധിച്ചുവരുന്നു.<br><br>സൈബർ സുരക്ഷാ അവബോധം സ്കൂളുകൾ, കോളേജുകൾ, ഓർഗനൈസേഷനുകൾ എന്നിവിടങ്ങളിൽ നടത്തുന്നതിനായി സാങ്കേതിക ശിൽപശാലകൾ സംഘടിപ്പിക്കുക. |

ഇതുകൂടാതെ, സൈബർ തട്ടിപ്പുകാരെ കണ്ടെത്തുന്നതിനും ഇരകളുടെ പരാതികൾക്ക് പരിഹാരം കണ്ടെത്തുന്നതിനും ഇത്തരം കുറ്റകൃത്യങ്ങൾ ഫലപ്രദമായി തടയുന്നതിനും വേണ്ടി എല്ലാ പോലീസ് ജില്ലകളിലും സൈബർ ക്രൈം പോലീസ് സ്റ്റേഷനുകൾ പ്രവർത്തിച്ചുവരുന്നു. സൈബർ ക്രൈം പോലീസ് സ്റ്റേഷനുകളിൽ സൈബർ കുറ്റകൃത്യങ്ങൾ കൈകാര്യം ചെയ്യുന്നതിൽ വൈദഗ്ധ്യം നേടിയ പോലീസുകാരെ നിയോഗിച്ചിട്ടുള്ളതും സൈബർ ലോകത്തെ വെല്ലുവിളികൾ നേരിടുന്നതിനായി പോലീസുദ്യോഗസ്ഥർക്ക് C-DAC, NCRB എന്നിവിടങ്ങളിൽ പരിശീലനം നൽകി വരുന്നതുമാണ്.

സൈബർ മേഖലയിലുള്ള ചലനങ്ങൾ നിരീക്ഷിക്കുന്നതിനും നിർദ്ദേശങ്ങൾ രൂപവത്കരിക്കുന്നതിനും എസ്.പി. ടെക്നിക്കൽ ഇന്റലിജൻസ് എന്ന തസ്തിക സൃഷ്ടിച്ചിട്ടുണ്ട്. സൈബർ കുറ്റകൃത്യങ്ങൾ തടയുന്നതിന് ക്രിയാത്മകമായ ഇടപെടൽ നടത്തുന്നതിനും സാങ്കേതിക നിർദ്ദേശങ്ങൾ നൽകുന്നതിനും കേന്ദ്രവും ഇതര സംസ്ഥാനങ്ങളുമായി ഏകോപന പ്രവർത്തനങ്ങൾ നടത്തുന്നതിനും ഐ.ജി. സൈബർ ഓപ്പറേഷൻസ്, എസ്.പി., ഐ.സി.റ്റി & സൈബർ ഓപ്പറേഷൻസ് എന്നീ തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്.

സൈബർ മേഖലയിൽ സ്വകാര്യ പങ്കാളിത്തത്തോടെ ഗവേഷണം നടത്തുന്നതിനും സൈബർ വെല്ലുവിളികൾക്ക് സമയബന്ധിതമായി പരിഹാരം കാണുന്നതിനും തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് എന്നീ സ്ഥലങ്ങൾ കേന്ദ്രീകരിച്ച് സൈബർ ഡോമുകൾ സ്ഥാപിച്ച് പ്രവർത്തിച്ചു വരുന്നു. സൈബർ കുറ്റകൃത്യങ്ങളും തട്ടിപ്പുകാരെയും കണ്ടെത്തി നിയമ നടപടികൾ സ്വീകരിക്കുന്നതിനായി സൈബർ ഡോമുകളുടെ നേതൃത്വത്തിൽ കാര്യക്ഷമമായ സൈബർ പട്രോളിംഗ് സൈബർ ഇടങ്ങളിൽ നടത്തി വരുന്നുണ്ട്. കൂടാതെ മയക്കുമരുന്ന്, ആയുധ വ്യാപാരം, സാമ്പത്തിക തട്ടിപ്പുകൾ, ലൈംഗിക വ്യാപാരം, മോഷ്ടിച്ച ഡാറ്റ, വ്യാജ ഐഡന്റിറ്റികൾ, ഹാക്കിംഗ് ടൂളുകൾ എന്നിവയുൾപ്പെടെ നിയമവിരുദ്ധമായ ചരക്കുകളും സേവനങ്ങളും വാങ്ങാനും വിൽക്കാനും കഴിയുന്ന വിവിധ അധോലോക വിപണികളുടെ കേന്ദ്രമാണ് ഡാർക്ക് വെബ്. ഡാർക്ക് വെബിലൂടെ നടക്കുന്ന കുറ്റകൃത്യങ്ങൾ സൈബർഡോം വികസിപ്പിച്ച Grapnel എന്ന സോഫ്റ്റ് വെയർ ഉപയോഗിച്ച് കണ്ടെത്തുവാനും അവയുമായി ബന്ധപ്പെട്ട അന്വേഷണങ്ങൾ നടത്തുവാനും സാധിച്ചിട്ടുണ്ട്.

കൂടാതെ സൈബർ സുരക്ഷയും കുറ്റകൃത്യങ്ങളുമായി ബന്ധപ്പെട്ട്, സുരക്ഷിതമായി ഓൺലൈൻ സങ്കേതങ്ങൾ ഉപയോഗിക്കുന്നതിനെ കുറിച്ചും സ്വീകരിക്കേണ്ട മുൻ കരുതലുകൾ സംബന്ധിച്ചും സൈബർ പോലീസ് സ്റ്റേഷനുകൾ, ഹൈ-ടെക് ക്രൈം എൻക്വയറി സെൽ, സൈബർ ഡോം മുതലായവ വഴിയും കേരളാ പോലീസിന്റെ വിവിധ സോഷ്യൽ മീഡിയ പ്ലാറ്റ്ഫോമുകളിലൂടെയും ആവശ്യമായ ബോധവത്കരണം നിരന്തരം നടത്തി വരുന്നുണ്ട്.

സൈബർ കുറ്റകൃത്യങ്ങളും അതിക്രമങ്ങളും തടയുന്നതിനായി രൂപീകരിച്ചിട്ടുള്ള കേരള സൈബർ ക്രൈം കോ-ഓർഡിനേഷൻ സെന്റർ (K4C), ഇന്ത്യൻ സൈബർ ക്രൈം കോ-ഓർഡിനേഷൻ സെന്റർ (I4C) -മായി സഹകരിച്ച് പ്രവർത്തിച്ച് വരുന്നു. രജിസ്റ്റർ ചെയ്ത കേസുകളുടെ അന്വേഷണത്തിനായി നൂതന ഡിജിറ്റൽ എവിഡൻസ് കളക്ഷൻ ഉപകരണങ്ങൾ പരമാവധി ഉപയോഗപ്പെടുത്തി വരുന്നതും ദ്രുതഗതിയിലുള്ള നടപടികൾ സ്വീകരിക്കുന്നതിനായി നാഷണൽ സൈബർ ക്രൈം റിപ്പോർട്ടിംഗ് പോർട്ടലിന്റെ സേവനം ഉപയോഗപ്പെടുത്തി വരുന്നതുമാണ്. പോർട്ടൽ മുഖേന ഓൺലൈനായും 1930 എന്ന നമ്പരിൽ നിന്നും ഫോൺ മുഖാന്തിരവും പൊതുജനങ്ങൾക്ക് പരാതി അറിയിക്കാവുന്നതാണ്. സാമ്പത്തിക തട്ടിപ്പുകളുമായി ബന്ധപ്പെട്ട് അന്വേഷണ ഏജൻസികളും ബാങ്കുകൾ RBI, സാമ്പത്തിക ഇടനിലക്കാർ, പേയ്മെന്റ് വാലറ്റുകൾ, NPCI (National Payments Corporation of India) മുതലായവയും ഒരുമിച്ച് പ്രവർത്തിക്കുന്ന ഒരു പൊതു സംയോജിത പ്ലാറ്റ്ഫോമാണ് നാഷണൽ സൈബർ ക്രൈം റിപ്പോർട്ടിംഗ് പോർട്ടൽ. തട്ടിപ്പുകാരിലേക്ക് പോകുന്ന പണത്തിന്റെ ഒഴുക്ക് തടയുന്നതിന് ദ്രുതഗതിയിലുള്ള നടപടി സ്വീകരിക്കാൻ ഇതു വഴി കഴിയുന്നു.

സൈബർ കുറ്റകൃത്യങ്ങൾ, സങ്കീർണ്ണമായ സൈബർ പ്രശ്നങ്ങൾ എന്നിവയ്ക്ക് പരിഹാരം കണ്ടെത്തുന്നതിനും കൂടാതെ സൈബർ കേസുകളുടെ വിവരങ്ങൾ പങ്കുവക്കുന്നതിനും പഠിക്കുന്നതിനും സൈബർ കോ-ഓർഡിനേഷൻ സെന്റർ (cycord) എന്ന പ്ലാറ്റ്ഫോം ദേശീയ തലത്തിൽ പ്രവർത്തിച്ചു വരുന്നുണ്ട്. ഇവയിലൂടെ ഇത്തരം കുറ്റകൃത്യങ്ങളുടെ വിവരശേഖരണവും കുറ്റകൃത്യം തടയുന്നതിനുള്ള ആധുനിക സങ്കേതങ്ങളെക്കുറിച്ചുള്ള വിവരവും കൈമാറിവരുന്നു.

| | | | |
|---|---|---|---|
| | | | സൈബർ കുറ്റകൃത്യങ്ങളുടെ ഉറവിടത്തിന്റെ വലിയൊരു ശതമാനവും മറ്റ് സംസ്ഥാനങ്ങളിലാണ് എന്നുള്ള കാര്യം കൂടി പരിഗണിച്ച് കേന്ദ്ര സർക്കാരുമായി സഹകരിച്ച് സൈബർ കുറ്റകൃത്യങ്ങൾ തടയുന്നതിനും സൈബർ സുരക്ഷ ഉറപ്പുവരുത്തുന്നതിനും ഈ മേഖലയിലെ സാങ്കേതിക വളർച്ചയ്ക്ക് അനുസരിച്ചുള്ള ജാഗ്രതയും ഇടപെടലും നടത്തി സൈബർ കുറ്റാന്വേഷണം ത്വരിതപ്പെടുത്തുന്നതിന് വേണ്ട സത്വര നടപടികൾ സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ